ശ്രീ. ജി. കാർത്തികേയൻ : ഉണ്ട്. ഇന്നലത്തേതും ഉണ്ട്. ഗവൺമെന്റ് ഇത് വളരെ ലാഘവത്തോടുകൂടി കാണുകയും ഇതിനകത്ത് രാഷ്ട്രീയം കാണുന്നതിനുവേണ്ടി മാത്രം ശ്രമിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രതികളുണ്ടെങ്കിൽ ഈ ഗവൺമെന്റ് അറസ്റ്റ് ചെയ്യട്ടെ. രാഷ്ട്രീയമായ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി, സ്വന്തം പാർട്ടിയുടെ ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടി തകർക്കപ്പെട്ട ശ്രീനാരായണഗുരു പ്രതിമകളുടെ കാര്യത്തിൽ ഗവൺമെന്റ് കുറ്റകരമായ അനാസ്ഥ കാണിക്കുന്നു. പ്രതിമകളെ അറസ്റ്റ് ചെയ്യുന്നില്ല. അതുകൊണ്ട് ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ സഭയിൽ നിന്ന് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ സഭയിൽ തിരിച്ചുവരികയും ചെയ്തു.)

III. ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തിന്റെ വികസനപ്രവർത്തനത്തിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ

ശ്രീ. എം.വി. ജയരാജൻ : സർ, പ്രതിപക്ഷാംഗങ്ങൾ പോയത് പുറത്ത് ടി.വി-ക്കാർ കാത്തിരിക്കുന്നതുകൊണ്ടാണ്. അവരോട് നേരത്തേ പറഞ്ഞിരുന്നതാണ്. അതുകഴിഞ്ഞാൽ ഉടനെ അവർ തിരിച്ചുവരും. വാക്കൗട്ടെല്ലാം പകർത്തിക്കഴിഞ്ഞാൽ ഉടനെ തിരിച്ചുവരും. അതിനുവേണ്ടി മാത്രമുള്ള ഒരു നാടകമാണ് നടത്തിയിട്ടുള്ളത്. കേന്ദ്രം കേരളത്തോടുകാട്ടുന്ന അവഗണനമൂലം സംസ്ഥാനം നേരിടുന്ന ഗുരുതരമായ ചില പ്രത്യാഘാതങ്ങളാണ് ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. 1995-2000 വർഷങ്ങളിലെ പത്താം ധനകാര്യകമ്മിഷൻ നികുതി കൈമാറ്റം സംബന്ധിച്ച് സുപ്രധാനമായ ചില ശുപാർശകൾ 1996-ൽത്തന്നെ കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. ഭരണഘടനയുടെ 280-ാം അനുച്ഛേദം അനുസരിച്ചാണ് ധനകാര്യ കമ്മിഷൻ പ്രവർത്തിച്ചുവരുന്നത്. ഇതൊരു ഭരണഘടനാസ്ഥാപനമാണ്. The President shall, within two years from the commencement of this Constitution and thereafter at the expiration of every fifth year, or at such earlier times as the President considers necessary, by order constitute a Finance Commission..... എന്ന ഭരണഘടനയിലെ 280-ാം അനുച്ഛേദത്തിലെ വ്യക്തമായ വ്യവസ്ഥപ്രകാരമാണ് ഫിനാൻസ് കമ്മിഷൻ രൂപീകരിച്ചിട്ടുള്ളത്. ആ ധനകാര്യ കമ്മീഷൻ മൊത്തം കേന്ദ്ര നികുതിയുടെ 29 ശതമാനം സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്. കുറേ വർഷങ്ങളായി തുടർന്നുവരുന്ന ഈ രീതി മാറ്റാനാണ് ധനകാര്യ കമ്മിഷൻ നിർദ്ദേശിച്ചിരിക്കുന്നത്. കേന്ദ്ര ആദായനികുതിയുടേയും എക്സൈസ് തീരുവയുടേയും നിശ്ചിതവിഹിതം മാത്രമാണ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് ഇതുവരെ വിതരണം ചെയ്തുപോന്നത്. ഈ രീതി മാറ്റണമെന്ന ധനകാര്യ കമ്മീഷന്റെ നിർദ്ദേശത്തെ അന്തർ സംസ്ഥാന കൗൺസിൽ 1997-ൽ തന്നെ സ്വാഗതം ചെയ്തിരുന്നു. അന്തർ സംസ്ഥാന കൗൺസിൽ ഭരണഘടനാ സ്ഥാപനമാണ്. 1996-97 മുതൽ ഈ തുക കൈമാറ്റം ആരംഭിക്കണമെന്നാണ് തീരുമാനിക്കപ്പെട്ടിരുന്നത്. എന്നാൽ 1997 മുതൽ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന ഒരു ഗവൺമെന്റും ഒരു ധനകാര്യവകുപ്പുമന്ത്രിയും ഈ തീരുമാനം നടപ്പാക്കാൻ കൂട്ടാക്കിയിട്ടില്ല. രണ്ട് ഭരണഘടനാ സ്ഥാപനങ്ങളേയും ഇതുവഴി കേന്ദ്രഗവൺമെന്റ് അവഹേളിച്ചിരിക്കുകയാണ്. ധനകാര്യ കമ്മിഷന്റെ ശുപാർശ നടപ്പിലാക്കാത്ത സംഭവം രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ചരിത്രത്തിൽത്തന്നെ ആദ്യത്തേതാണെന്നാണ് ഈ മേഖലയിലെ വിദഗ്ദ്ധൻമാർ അഭിപ്രായപ്പെടുന്നത്. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് നികുതി വരുമാനം സംസ്ഥാനങ്ങൾക്ക് നൽകാൻ തീരുമാനിച്ചിരിക്കുന്നു. കേന്ദ്ര നികുതിയുടെ അറ്റാദായത്തിന്റെ വിഹിതമാണ് നൽകാൻ തീരുമാനിച്ചിരിക്കുന്നത്. ഇതുമൂലം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് കേന്ദ്രവിഹിതം ഗണ്യമായി കുറയും. സംസ്ഥാനങ്ങൾക്ക് പ്രതിവർഷം ലഭിക്കേണ്ടുന്ന 2000 കോടി രൂപ ബി.ജെ.പി. ഭരണം നഷ്ടപ്പെടുത്തുകയാണ്. കഴിഞ്ഞ 5 വർഷങ്ങളിലായി സംസ്ഥാനങ്ങൾക്കുണ്ടായ മൊത്തം നഷ്ടം ഇതുമൂലം 10,000 കോടി രൂപയാണ്. മൊത്തം നികുതിയുടെ 29 ശതമാനം സംസ്ഥാനങ്ങൾക്ക് കൈമാറ്റം ചെയ്തിരുന്നുവെങ്കിൽ 20,000 കോടി രൂപ കിട്ടുമായിരുന്നു. 50 ശതമാനമാണ് ഇവിടെ വെട്ടിക്കുറച്ചിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന് പ്രതിവർഷം 80 കോടി രൂപയുടെ നഷ്ടമാണ് ഇതുമൂലം ഉണ്ടാകുന്നത്. 5 വർഷം കൊണ്ട് കേരളത്തിൽ 400 കോടി രൂപ നഷ്ടമാവുകയാണ്. കേരളം പദ്ധതി തയ്യാറാക്കിയത് ധനകാര്യകമ്മിഷൻ 29 ശതമാനം നികുതിവരുമാനം സംസ്ഥാനത്തിന് നൽകുമെന്ന് കണക്കാക്കിയിട്ടാണ്. അങ്ങനെ 800 കോടി രൂപ ലഭിക്കുമെന്ന പ്രതീക്ഷയിലാണ് കഴിഞ്ഞ 4-5 വർഷക്കാലത്തെ പദ്ധതിക്കുതന്നെ സംസ്ഥാനം രൂപം നൽകിയിട്ടുള്ളത്. സംസ്ഥാനം തയ്യാറാക്കിയ പദ്ധതിതന്നെ അവതാളത്തിലാക്കുന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ ഈ തീരുമാനം. ചില മാധ്യമങ്ങൾതന്നെ ഇത് ഗുരുതരമായ പ്രത്യാഘാതങ്ങൾ കേരളത്തിൽ സൃഷ്ടിക്കുമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാധ്യമം പത്രം ഫെബ്രുവരി 15-ന് ഇങ്ങനെ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ''സംസ്ഥാനങ്ങളുടെ കേന്ദ്ര നികുതി വിഹിതം ഗണ്യമായി വെട്ടിക്കുറയ്ക്കാനുള്ള നീക്കം കേരളത്തിന് വൻ തിരിച്ചടിയാകും; ഈ തീരുമാനത്തിലൂടെ സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന 400 കോടി രൂപയാണ് കേന്ദ്രം കവർന്നെടുക്കുന്നത്''. 1990-കളിൽ സാമ്പത്തിക വളർച്ചയിൽ കേരളം കാര്യമായി മുന്നേറ്റം സൃഷ്ടിച്ചതായി Handbook of Statistics on Indian Economy എന്ന റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. 15 സംസ്ഥാനങ്ങളെ തെരഞ്ഞെടുത്ത് നടത്തിയ പഠനത്തിൽ കേരളത്തിന്റെ സ്ഥാനം അഞ്ചാമതാണ്. വളർച്ച 45.5 ശതമാനം നികുതി വിഹിതം വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം സാമ്പത്തിക വളർച്ചയ്ക്കും ദോഷകരമായിത്തീരും. ജനസംഖ്യാനുപാതികമായി മൊത്തം നികുതി വരുമാനത്തിന്റെ 4 ശതമാനമാണ് കേരളത്തിന് ലഭിക്കേണ്ടത്. അത് 800 കോടി രൂപയോളം വരും, ഇവിടെയാണ് നേർ പകുതിയായി നികുതിവരുമാനം വെട്ടിക്കുറയ്ക്കുന്നത്. അത്യന്തം ക്രൂരമായ ഒരു നടപടിയാണ് ഈ മേഖലയിലുണ്ടായിട്ടുള്ളത്. ഭരണഘടനാ നിർവ്വചനങ്ങളിലെ ചില പദങ്ങളുടെ സാങ്കേതികാർത്ഥം ഉയർത്തിക്കാട്ടി ഭരണഘടനാ സ്ഥാപനമായ ധനകാര്യകമ്മിഷൻ ശുപാർശകളെ അട്ടിമറിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഭരണഘടനയിൽ ഭേദഗതി വരുത്തേണ്ടതായിരുന്നുവെങ്കിൽ അത് ചെയ്യാമായിരുന്നു., അതിനുപോലും കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടില്ല. സംസ്ഥാനങ്ങളുടെ വരുമാനവും അധികാരവും കവർന്നെടുക്കാനാണ് ബി.ജെ.പി. സർക്കാർ നോക്കുന്നത്. സംസ്ഥാനത്തിനെ ഏറ്റവും ദോഷകരമായി ബാധിക്കുന്ന ഈ വിഷയങ്ങളെപ്പറ്റി ഇപ്പോൾ ഇവിടെനിന്നും ഇറങ്ങിപ്പോയ കോൺഗ്രസ്(ഐ) നേതൃത്വം ഒരക്ഷരം ഉരിയാടിയിട്ടില്ലായെന്നുള്ളത് അത്യന്തം ദു:ഖകരമായ ഒരുകാര്യമാണ്. ഇത് കേരളത്തിലെ മാത്രം പ്രശ്നമല്ല, രാജ്യത്തിലെ എല്ലാ സംസ്ഥാനങ്ങളേയും പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്; എല്ലാം സംസ്ഥാനങ്ങളിലേയും പദ്ധതിയെ അവതാളത്തിലാക്കുന്നതാണ് ഇത്. പാർലമെന്റിലെ ഒരു മുഖ്യ പ്രതിപക്ഷമായി പ്രവർത്തിക്കുന്ന കോൺഗ്രസ് (ഐ) ഈ പ്രശ്നത്തിൽ കാര്യമായി ഒരക്ഷരം ഉരിയാടിയിട്ടില്ല എന്നത് നിങ്ങൾ യഥാർത്ഥ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇറങ്ങിപ്പോകാൻവേണ്ടി ജനിച്ചവരാണെന്ന് തെളിയിക്കുന്നതാണ്. നികുതി വരുമാനത്തിന്റെ സംസ്ഥാന വിഹിതം വെട്ടിക്കുറയ്ക്കാനുള്ള ഈ നീക്കം നടപ്പാക്കുന്നതിനുമുമ്പ് അന്തർ സംസ്ഥാന കൗൺസിൽ വിളിച്ചു ചേർക്കണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് ഇതിനകം ഈ ആവശ്യമുന്നയിച്ച് എഴുതിയിട്ടുണ്ട്; മുഖ്യമന്ത്രിതന്നെ പ്രധാനമന്ത്രിയെക്കണ്ട് സംസാരിച്ചിട്ടുമുണ്ട്. കേന്ദ്ര സർക്കാർ കാലാകാലങ്ങളായി സംസ്ഥാനത്തോട് പുലർത്തിപ്പോന്ന അവഗണനയുടെ ഉദാഹരണങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു. വർഷങ്ങൾ കഴിയുംതോറും അവഗണനയുടെ ആഴം വർദ്ധിക്കുകയാണ്. കേന്ദ്രം കേരളത്തിൽ നടത്തുന്ന മൂലധന മുതൽമുടക്ക് കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി കുത്തനെ കുറഞ്ഞുവരികയാണ്. 1970-ൽ 3.06 ശതമാനമായിരുന്നു അത്; 1998-ൽ അത് ഒന്നര ശതമാനമായി. ജനസംഖ്യാനുപതികമായി നമുക്ക് 4 ശതമാനം അവകാശപ്പെട്ടതാണ്. നമുക്ക് ഇതുവരെ ആ തുക കിട്ടിയിട്ടില്ല. സംസ്ഥാന ആസൂത്രണ ബോർഡിന്റെ 1998-ലെ ഇക്കണോമിക് റവ്യൂവിൽ പറയുന്നത് രാജ്യത്താകെ 3,14,625 കോടി രൂപ കേന്ദ്രം മുതൽമുടക്കുകയാണ് എന്നാണ്. സംസ്ഥാനത്തിന് 4716 കോടി രൂപ മാത്രം; ഇത് ഒന്നര ശതമാനമാണ്. നമുക്കവകാശപ്പെട്ടത് 10,000 കോടി രൂപയാണ്. അത് കേന്ദ്രം അനുവദിക്കുന്നില്ല. വ്യാവസായിക മേഖലയിൽ മുതൽമുടക്ക് കുറയുകയാണ്. ഇത് പരിശോധിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിലെ മുതൽമുടക്കുകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. മഹാരാഷ്ട്രയിൽ 19.71 ശതമാനമാണ് കേന്ദ്ര മുതൽ മുടക്ക്; കേരളത്തിൽ ഒന്നര ശതമാനം; യു.പി.യിൽ 7.26 ശതമാനം; ആന്ധ്രാപ്രദേശിൽ 7.21 ശതമാനം. ഇതുകൂടി പരിഗണിച്ച് കേരളത്തിന്റെ സ്ഥിതി പരിശോധിച്ചാൽ അത്യന്തം ഗൗരവതരമാണ്, കാര്യങ്ങൾ എന്ന് കാണാം. ഏറെക്കാലം കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കോൺഗ്രസ് ഗവൺമെന്റും കേരളത്തിനോട് ക്രൂരതകാട്ടി, അവഗണന കാട്ടി. ബി.ജെ.പി.യും അതുപോലെ തുടരുകയാണ്. കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങളെ അവർ തകർക്കുകയാണ്. പുത്തൻ വ്യവസായനയം അതാണ്. ആഗോളവൽക്കരണം ഗുരുതരമായ മറ്റൊരു പ്രത്യാഘാതം സൃഷ്ടിച്ചിരിക്കുന്നു. 9 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് .നമുക്കുള്ളത്. ഇതൊന്നും തന്നെ പുതിയവയല്ല, വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചവയാണ്. എഫ്.എ.സി.ടി. ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനമാണ്. കാപ്രോലാക്ടം ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചതിന്റെ ഫലമായി എഫ്.എ.സി.ടി. തകർച്ചയിലാണ്. കേന്ദ്രം ഇറക്കുമതിത്തീരുവ കുറച്ചു. അതിനെത്തുടർന്ന് എഫ്.എ.സി.ടി. ഗുരുതരമായ പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഇപ്പോഴാണെങ്കിൽ ഓഹരി വിൽക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മോഡേൺ ഫുഡ് ഇൻഡസ്ട്രീസിന്റെ 74 ശതമാനം ഓഹരി 105 കോടി രൂപയ്ക്കാണ് ബഹുരാഷ്ട്ര കുത്തക കമ്പനിയായ ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്ക് വിറ്റത്. 2200 കോടി രൂപയാണ് അതിന്റെ ഓഹരി; 2200 കോടി രൂപയുടെ ഓഹരിയാണ് 105 കോടി രൂപയ്ക്ക് ബഹുരാഷ്ട്ര കുത്തക കമ്പനിക്ക് നൽകുന്നത്. ലാറ്റക്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുകയാണ്. ഞാൻ സമയക്കുറവുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇതുപോലുള്ള ഇറക്കുമതി, ഉദാരവൽക്കരണ സമീപനം ഈ സംസ്ഥാനത്തെ പൊതുമേഖലയെ തകർക്കുന്നു. പൊതുമേഖലാ ബാങ്കുകളുടെ വായ്പാ നിക്ഷേപാനുപാതം കുറഞ്ഞുവരികയാണ്. 1969-ൽ 65.8 ശതമാനമായിരുന്ന വായ്പാ നിക്ഷേപം ഇപ്പോൾ 40 ശതമാനമാണ്. പി.എം.ആർ.വൈ. തൊഴിലില്ലാത്തവർക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള പദ്ധതിയാണ്. അതിന്റെ നടത്തിപ്പിലും അവഗണനതന്നെയാണ്. 1998-2000-ന് 20,000 പേർക്ക് വായ്പ

LIBRARY ARCHIVES Kerala Legislative Assembly

നൽകാനാണ് നമ്മുടെ പൊതുമേഖലാ ബാങ്കുകൾ ലക്ഷ്യമിട്ടിരുന്നത്. 69,000 അപേക്ഷകളുണ്ടായിരുന്നു; കൊടുക്കാൻ കഴിഞ്ഞത് 10,082 പേർക്കാണ്. ഇങ്ങനെ എല്ലാ നിലയിലും കേരളത്തെ അവഗണിക്കുകയാണ്. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന നിഷേധാത്മക നിലപാടിനെതിരായി എല്ലാ വിഭാഗത്തിലുമുള്ള ജനങ്ങളെ അണിനിരത്തി, സംസ്ഥാന ഗവൺമെന്റ് മുൻകൈ എടുത്ത് എല്ലാ പാർട്ടിയിലും പെട്ട പാർലമെന്റ് അംഗങ്ങളേയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ശക്തമായിട്ടുള്ള സമ്മർദ്ദവും പോരാട്ടവും ഉയർത്തിക്കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :സർ, സാമ്പത്തിക പുരോഗതിയുടെ കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പിന്നോക്കം നിൽക്കുന്ന കേരളത്തിലെ ഉൽപ്പാദനമേഖലയിൽ കേന്ദ്ര സർക്കാരിന്റേയും ധനകാര്യ സ്ഥാപനങ്ങളുടേയും മുതൽമുടക്ക് ഇവിടത്തെ സാമ്പത്തിക വളർച്ചയ്ക്കും അതിലൂടെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അത്യന്താപേക്ഷിതമാണ്. അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ വർദ്ധിച്ചുവരുന്ന ഇന്നത്തെ സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള മുതൽമുടക്കുകൊണ്ടുമാത്രം കൂടുതൽ തൊഴിൽദായക സംരംഭങ്ങൾക്ക് രൂപം നൽകി നടപ്പാക്കാൻ കഴിയുകയില്ല. എന്നാൽ കേരളത്തിലെ കേന്ദ്ര പൊതുമേഖലയിലെ മുതൽമുടക്ക് തുടർച്ചയായി കുറഞ്ഞുവരുന്ന പ്രവണതയാണ് കഴിഞ്ഞ കുറേ വർഷങ്ങളായി കണ്ടുവരുന്നത്. ലഭ്യമായ കണക്കുകൾ പരിശോധിച്ചാൽ 1975 മാർച്ചിൽ രാജ്യത്തെ മൊത്തം കേന്ദ്ര പൊതുമേഖലാ നിക്ഷേപത്തിന്റെ 3.24 ശതമാനമായിരുന്നു കേരളത്തിന്റെ വിഹിതം. അതിനുശേഷം ഓരോ വർഷവും ഇത് കുറഞ്ഞുതുടങ്ങി. 1980 മാർച്ച് അവസാനത്തോടെ 2.33 ശതമാനമായും 1985 മാർച്ച് അവസാനത്തോടെ 1.76 ശതമാനമായും 1990 മാർച്ച് അവസാനത്തോടെ 1.5 ശതമാനമായും 1996 മാർച്ച് അവസാനത്തോടെ 1.32 ശതമാനമായും അത് താഴ്ന്നു. 1998 മാർച്ച് അവസാനത്തോടെ അതു വീണ്ടും 1.5 ശതമാനമായി. വെറും 0.2 ശതമാനത്തിന്റെ വർദ്ധനമാത്രം. എന്നാൽ 1996 മാർച്ച് അവസാനത്തിൽ മഹാരാഷ്ട്രയിൽ 19.71 ശതമാനവും ഉത്തർപ്രദേശിൽ 7.31 ശതമാനവും ആന്ധ്രാപ്രദേശിൽ 7.26 ശതമാനവും ആയിരുന്നു നിക്ഷേപ ശതമാനം. ജനസംഖ്യാനുപാതികമായി ലഭിച്ചിരുന്നുവെങ്കിൽ കേരളത്തിൽ 31-3-1998 വരെ കുറഞ്ഞത് 10,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപമെങ്കിലും ഉണ്ടാകണമായിരുന്നു. (കേരളത്തിലെ ജനസംഖ്യ 1998-ൽ രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 3.2 ശതമാനവും രാജ്യത്തെ മൊത്തം കേന്ദ്ര മുതൽമുടക്ക് 3,14,635 കോടി രൂപയുമായിരുന്നു.) രാജ്യത്തെ മൊത്തം കേന്ദ്രനിക്ഷേപത്തിൽ, 1-4-75-നും 31-3-98-നും ഇടയ്ക്കുള്ള കാലയളവിൽ 3,08,393 കോടി രൂപയുടെ വർദ്ധനവുണ്ടായി. എന്നാൽ ഈ കാലയളവിൽ കേരളത്തിലെ കേന്ദ്ര നിക്ഷേപത്തിലുണ്ടായ വർദ്ധനയാകട്ടെ വെറും 4,600 കോടി രൂപയും. അതായത് രാജ്യത്തെ മൊത്തം കേന്ദ്ര നിക്ഷേപത്തിലുണ്ടായ വർദ്ധനയുടെ വെറും 1.49 ശതമാനം മാത്രം. സംസ്ഥാനത്തെ കേന്ദ്ര മുൽമുടക്കിൽ തുടർച്ചയായി ഉണ്ടായ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയെ പ്രതികൂലമായി ബാധിക്കുമെന്നു മനസ്സിലാക്കിയതിനെത്തുടർന്ന് അക്കാര്യം മുഖ്യമന്ത്രിതലത്തിലും വ്യവസായ മന്ത്രിതലത്തിലും കേന്ദ്ര സർക്കാരിനോടും ആസൂത്രണകമ്മിഷനോടും യഥാകാലങ്ങളിൽ അറിയിച്ചിരുന്നു. കഴിഞ്ഞ 21 വർഷങ്ങൾക്കിടയിൽ അന്യ സംസ്ഥാനങ്ങളേക്കാൾ കേരളം കേന്ദ്ര നിക്ഷേപത്തിന്റെ കാര്യത്തിൽ വളരെയേറെ പിന്നോക്കം പോയതായി കാണാം. അതിനിടെ ആകെ ഉണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. 19 കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ മോഡേൺ ഫുഡ് ഇൻഡസ്ട്രീസ്, സ്വകാര്യവൽകരിക്കുകയും ചെയ്തു. ഹിന്ദുസ്ഥാൻ ലാറ്റക്സ്, ഇൻസ്ട്രുമെന്റേഷൻ, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് എന്നിവ സ്വകാര്യവൽക്കരണ ഭീഷണി നേരിടുകയാണ്. പത്താം ധനകാര്യ കമ്മീഷൻ നിലവിലുള്ള നികുതി വിഭജന ഫോർമുലക്കുപകരമായി ഒരു 'ആൾട്ടർനേറ്റീവ് ഡെവല്യൂഷൻ സ്കീം' ശുപാർശ ചെയ്തിരുന്നു. ഈ ഫോർമുല പ്രകാരം ഡിവിസിബിൾ പൂളിന്റെ 29 ശതമാനം സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കുംപോൾ കേരളത്തിന് പ്രതിവർഷം 80 കോടിയോളം രൂപ അധിക കേന്ദ്ര വിഹിതമായി ലഭിക്കും. അങ്ങനെ മൊത്തം കുടിശ്ശിക സഹിതം 9-ാം പദ്ധതിക്കാലത്ത് 400 കോടി രൂപ അധികമായി കേന്ദ്രത്തിൽനിന്നും പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ ഫോർമുല ഇതുവരെ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇത് അംഗീകരിച്ചില്ലെങ്കിൽ മൊത്തം സംസ്ഥാനങ്ങൾക്കും കൂടി 2,000 കോടി രൂപയോളം പ്രതിവർഷം നഷ്ടമുണ്ടാകും. ഭരണഘടനാ സ്ഥാപനങ്ങളായ ധനകാര്യ കമ്മീഷന്റേയും അന്തർസംസ്ഥാന കൗൺസിലിന്റേയും ശുപാർശകൾ നാല് വർഷമായി നടപ്പാക്കാതെകിടക്കുകയാണ്. ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് നികുതി വരുമാനം ലഭിക്കുമെന്ന അടിസ്ഥാനത്തിൽ പദ്ധതികൾക്ക് രൂപം നൽകിയ സംസ്ഥാനങ്ങളെയെല്ലാം ഇത് വളരെ പ്രതികൂലമായി ബാധിക്കും. പ്രത്യേകിച്ചും വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ ഇന്ത്യക്കും ലോകത്തിനും ആകെ മാതൃകയായ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്ന കേരളത്തെ ഏറ്റവും കൂടുതൽ ദോഷകരമായി ഇത് ബാധിക്കും. ധനകാര്യ കമ്മീഷന്റെ ശുപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ട് 10-2-2000-ൽ രാഷ്ട്രപതിക്കും 15-2-2000-ൽ പ്രധാനമന്ത്രിക്കും ഞാൻ കത്തുകളയച്ചിട്ടുണ്ട്. കേരളത്തിന്റെ വായ്പാ നിക്ഷേപ അനുപാതവും മറ്റ് സംസ്ഥാനങ്ങളുടേതിൽനിന്നും വളരെക്കുറവാണ്. ഈ അനുപാതം വർദ്ധിപ്പിക്കുന്നതിനായി ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് പ്രതീക്ഷിച്ച പ്രതികരണം പല ആവശ്യങ്ങളിലും ഇനിയും ഉണ്ടായിട്ടില്ല. ഈ സമീപനം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ വിഭവ ദാരിദ്ര്യമനുഭവിക്കുന്ന സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ഖേദകരമായ വസ്തുതയാണ്. ഈ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ശക്തമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തേണ്ടതുണ്ട്. 17-2-2000-ന് എം.പി.മാരുടെ യോഗത്തിൽ ഇക്കാര്യങ്ങൾ വിശദമായി ധരിപ്പിക്കുകയും കേന്ദ്രത്തിൽ വേണ്ട സമ്മർദ്ദം ചെലുത്തണമെന്ന് എം.പി.മാരോട് ഞാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എല്ലാ വിഭാഗത്തിലുംപ്പെട്ട ജനങ്ങളുടെയും യോജിച്ച പ്രക്ഷോഭവും സമ്മർദ്ദവും ഇക്കാര്യത്തിൽ ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അതിന് അവരോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. എം.വി. ജയരാജൻ : മുതൽമുടക്കിന്റെ മാത്രം പ്രശ്നമല്ല, കേന്ദ്ര പദ്ധതി വിഹിതം ഇപ്പോൾ വർദ്ധിച്ച രീതിയിൽ കിട്ടാത്ത സ്ഥിതിവിശേഷമാണ് നമുക്കുള്ളത്. അതിന് അവർ പറയുന്ന കാരണം സാക്ഷരതയുടെ കാര്യത്തിലും ആയുർദൈർഘ്യത്തിലും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളം മുൻപിലാണെന്നുള്ളതാണ്. കേരളം ചില കാര്യങ്ങളിൽ മുൻപിലാണെന്നുള്ളത് നമുക്കിപ്പോൾ ഒരു പ്രതികൂലഘടകമായി മാറിയിരിക്കുകയാണ്. ഈ പ്രശ്നങ്ങൾകൂടി ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുമ്പോൾ കേന്ദ്രഗവൺമെന്റിൽ ഇതിനുവേണ്ടി സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ഇക്കാര്യം പ്ലാനിംഗ് കമ്മിഷൻ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ഇതു തിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്. സമ്മർദ്ദം ചെലുത്തുകയുണ്ടായിട്ടുണ്ട്; പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

സമ്മർദ്ദം ചെലുത്തിയാലും ഈ അവഗണന എങ്ങനെ അവർ തിരുത്തുമെന്ന് പറയാൻ സാധിക്കുകയില്ല.

(2) സ്ത്രീകൾക്കെതിരായുള്ള അക്രമപ്രവർത്തനങ്ങൾ തടയുന്നതിന് നിയമ ഭേദഗതി കൊണ്ടുവരേണ്ടതിന്റെ ആവശ്യകത

ശ്രീമതി ശോഭനാ ജോർജ് : സർ, 21-ാം നൂറ്റാണ്ടിലെ കേരളത്തിലെ സ്ത്രീകളുടെ, അപമാനിതവും ദു:ഖിതവുമായ കേരളത്തിലെ സ്ത്രീത്വത്തിന്റെ പ്രതിനിധിയായിട്ടാണ് ഈ സഭയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുന്നത്. സാക്ഷരതയിൽ മുന്നിൽനിൽക്കുന്ന സംസ്ഥാനമെന്ന്, പേരുകേട്ടതും ഇന്ത്യയ്ക്കുതന്നെ മാതൃകയായിട്ടുള്ളതുമായ കേരളത്തിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി നടന്ന സംഭവങ്ങൾ കേരളത്തിലെ ഒരാളിനുപോലും അഭിമാനിക്കാൻ വകതരുന്ന കാര്യങ്ങളായിരുന്നില്ല. അതുകൊണ്ടുതന്നെയാണ് വളരെ ഗൗരവമുള്ള ഒരു വിഷയമായി ഈ സഭയുടെ മുന്നിൽ ഈ പ്രശ്നം കൊണ്ടുവരാൻ ഞാൻ തയ്യാറായതും. വനിതാ കമ്മീഷൻ ചെയർപെഴ്സൺ പറഞ്ഞത് ''ഇവൾ പെണ്ണല്ലയോ, പെണ്ണിനുടയോൻ ദു:ഖമല്ലയോ'' എന്നാണ്. 20-ാം നൂറ്റാണ്ടിലെഴുതിയ ആ വിലാപകാവ്യം 21-ാം നൂറ്റാണ്ടിലും ഈ സമൂഹത്തിൽ അലയടിക്കുന്നുവെന്ന് പറയത്തക്ക സംഭവങ്ങളാണ് ഈ സംസ്ഥാനത്ത് നടക്കുന്നത്. കേരളത്തിലെ ഉന്നതയായ ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥയുടെ മുഖത്തുനോക്കി 'എനിക്ക് ഭയങ്കര കൊതിയാണ് എന്ന് പറയാനുള്ള, അത്രയ്ക്ക് ഹീനമായ, വൃത്തികെട്ട രീതിയിൽ പെരുമാറുവാൻ കേരളത്തിലെ ഒരു മന്ത്രി തയ്യാറായി എന്നു പറയുന്നതുതന്നെയാണ് ഇത്തരമൊരു ശ്രദ്ധക്ഷണിക്കലുമായി ഈ സഭയുടെ മുൻപിൽ വരുവാൻ എന്നെ പ്രേരിപ്പിച്ചത്. ഈ സംസ്ഥാനത്ത് ഒട്ടേറെ നിയമങ്ങൾ നിലവിലുണ്ട്.

ശ്രീമതി ആർ. ലതാദേവി : ഈ പറയുന്ന ആൾ .....

ശ്രീമതി ശോഭനാ ജോർജ് : ശ്രീമതി ലതാദേവി ചായ കുടിക്കുന്ന ലാഘവത്തോടെ ഇതിനെ കാണരുതെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ. ഞാൻ വളരെ ഗൗരവമായിട്ടാണ് പറയുന്നത്. എന്തു പറഞ്ഞാലും ഏതുപറഞ്ഞാലും അതിൽ രാഷ്ട്രീയം കണ്ട് ഇന്ന് സ്ത്രീയോട് എന്തുമാകാമെന്നുള്ള ഒരു സാഹചര്യം ഈ സംസ്ഥാനത്തുണ്ടായതിന്റെ കാരണങ്ങളിലൊന്നാണ് ഇപ്പോൾ ഇവിടെ കേട്ട ആ അപശബ്ദം. കെ.എഫ്.എസ്. ഉദ്യോഗസ്ഥയുടെ കാര്യം മാത്രമല്ല, കഴിഞ്ഞ ദിവസം എം.എൽ.എ. ഹോസ്റ്റലിലെ തുപ്പുകാരി പോലും പരാതി നൽകിയിരിക്കുന്നു, അവരെ ആരോ അപമാനിക്കാൻ ശ്രമിച്ചുവെന്ന്. ഇന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സ് പത്രമെടുത്തുനോക്കണം. ഗുരുവായൂർ ദേവസ്വം ബോർഡിലെ ഒരു ലൈബ്രേറിയൻ കൊടുത്ത പരാതിയാണ്- ശ്രീമതി രാജലക്ഷ്മി കൊടുത്ത പരാതിയാണ്. ആ പരാതിയിൽ രാജലക്ഷ്മി പറയുന്നു, 'എനിക്ക് നീതി കിട്ടിയിട്ടില്ല എന്ന്. ഞാൻ പോലീസിൽ പരാതി നൽകിയിട്ട് പോലീസ് ഒരു നടപടിയുമെടുത്തില്ല. ഗുരുവായൂർ പോലീസ് സ്റ്റേഷനിലാണ് പരാതികൊടുത്തത്. ഒരു നടപടിയും ഇതുവരെയുണ്ടായിട്ടില്ല. അന്വേഷണം നടത്താതെതന്നെ അങ്ങനെ പറഞ്ഞിന് തനിക്കേറ്റ അപമാനം, താൻ അനുഭവിച്ച പീഡനം യാതൊരു ശിക്ഷയും കുറ്റവാളിക്ക് കൊടുത്തിട്ടില്ല എന്നതാണ് രാജലക്ഷ്മിയുടെ വാദം. കേരളം എങ്ങോട്ടു പോകാനാണ് ഉദ്ദേശിക്കുന്നത്? ഒരു ഡിറ്റർമിൻഡ് ആക്ഷൻ ഇക്കാര്യത്തിലുണ്ടാകണം; ഒരു ഡിറ്റർമിൻഡ് പണിഷ്മെന്റ് ഉണ്ടാകണം. ഒരാളെയെങ്കിലും മാതൃകാപരമായി, ഭയപ്പെടുന്ന നിലയിൽ, ശിക്ഷിക്കാൻ തീരുമാനിച്ചാൽ മറ്റൊരാൾക്കും ഇങ്ങനെ ചെയ്യാനുള്ള ധൈര്യം വരില്ല.

LIBRARY ARCHIVES Kerala Legislative Assembly